**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4609** **13-03-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>2021-22 വർഷം മഞ്ചേശ്വരം മണ്ഡലത്തിൽ പുത്തിഗെ ഗ്രാമപഞ്ചായത്തിലെ ബാഡൂർ എസ്.സി കോളനി, മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ പുളികുത്തി എസ്.സി കോളനി എന്നീ കോളനികളെ പദ്ധതി പ്രകാരം തെരെഞ്ഞെടുത്തിട്ടുണ്ട്.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>2020-21 വർഷം പ്രസ്തുത മണ്ഡലത്തിൽനിന്നും പുത്തിഗെ ഗ്രാമപഞ്ചായത്തിലെ ബെരിക്കുഞ്ചെ പട്ടികവർഗ്ഗ കോളനിയെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഓരോ കോളനിയിലും വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | **പട്ടികജാതി വികസന വകുപ്പ്**<br><br>ബാഡൂർ എസ്.സി കോളനിയിൽ 59 വീടുകളുടെ പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാൾ നവീകരണം, കോൺക്രീറ്റ് റോഡ്, ബോർവെൽ റിപ്പയർ, കോളനിക്കകത്ത് സോളാർ ലൈറ്റ് എന്നീ പ്രവർത്തികളും പുളികുത്തി എസ്.സി കോളനിയിൽ 32 വീടുകളുടെ പുനരുദ്ധാരണം, ഇന്റേണൽ കോൺക്രീറ്റ് റോഡ് & ഡ്രെയ്നേജ്, ശ്മശാനത്തിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കൽ, സോളാർ ലൈറ്റ് എന്നീ പ്രവർത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>ബെരിക്കുഞ്ചെ കോളനിയിൽ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, റീ-ടാറിംഗ്, റോഡ് കോൺക്രീറ്റ്, കൾവെർട്ട്, കുടിവെള്ള വിതരണം, ഡ്രെയിനേജ്, ഹൈ മാസ് ലൈറ്റ്, ബോർവെൽ എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള രണ്ടു കോളനികളുടെയും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി പരമാവധി പത്തു മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള കോളനി 2023-24 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ